9. ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ചീഫ് സെക്യൂരിറ്റി ആഫീസറുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ ഉദ്യോഗസ്ഥൻമാരും.

(എം) വിവരം ശേഖരിച്ചുവരുന്നു.

(എൻ) ഔപചാരികമായ ചർച്ചകളൊന്നും നടക്കുകയുണ്ടായില്ല.

(ഒ) ഉറപ്പുകളൊന്നും നൽകിയിട്ടില്ല. എന്നാൽ ജോലിക്കുഹാജരായ ജീവനക്കാരെ ഭീഷണിപ്പെടുത്തുകയോ ദേഹോപദ്രവമേൽപ്പിക്കുകയോ മറ്റ് അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തതിന് ജീവനക്കാരുടെ പേരിൽ കേരള എസൻഷ്യൽ സർവ്വീസസ് മെയിൻറനൻസ് ഓർഡിനൻസ് അനുസരിച്ചോ മറ്റു നിയമങ്ങൾ അനുസരിച്ചോ എടുത്തിട്ടുള്ള കേസ്സുകൾ ഒഴികെ മറ്റു കേസ്സുകൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(പി) ഇല്ല.

(ക്യു) ഇപ്പോൾ ഉദ്ദേശമില്ല.

ആദിവാസികളുടെ പട്ടിണിയും തൊഴിലില്ലായ്മയും

*7 [7] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ആദിവാസികൾ പട്ടിണിയും തൊഴിലില്ലായ്മയും കാരണം സ്വന്തം കുടിലുകൾ ഉപേക്ഷിച്ച് വിദൂര സ്ഥലങ്ങളിലേക്കു പോയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) വയനാട്ടിൽ ചില ആദിവാസികൾ തൊഴിലന്വേഷിച്ച് താൽക്കാലികമായി വനത്തിലേക്കും മറ്റ് സ്ഥലങ്ങളിലേക്കും പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ വീണ്ടും തങ്ങളുടെ സ്ഥിരം താമസ സ്ഥലങ്ങളിലേക്ക് മടങ്ങാറുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ നൽകുന്നതിന് ഗവൺമെൻറ് പല പദ്ധതികളും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

ഡൈസ്നോൺ

*8 [8] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായനാർ ഗവൺമെൻറ് ഡൈസ്നോൺ നിറുത്തലാക്കുന്ന കാര്യത്തിൽ വല്ല ഉത്തരവും പുറപ്പെടുവിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഡൈസ്നോൺ നിറുത്തലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറിന്റെ നിലപാടെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഡൈസ്നോൺ സംബന്ധിച്ച ചട്ടങ്ങളിൽ മാറ്റമൊന്നും വരുത്തേണ്ടതില്ലെന്നാണ് ഈ ഗവൺമെന്റിന്റെ നിലപാട്.

ഗവൺമെന്റ് ഓഫീസുകളുടെ പ്രവൃത്തിദിനങ്ങൾ

[9] ശ്രീ. തോപ്പിൽ രവി:
,, ബന്നി ബഹനാൻ:
,, കെ. സി. ജോസഫ്:
,, പി. പി. തങ്കച്ചൻ:
,, പന്തളം സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനത്തിനനുസൃതമായി സംസ്ഥാനത്തെ ഗവൺമെന്റു വക സ്ഥാപനങ്ങളിലും, ഓഫീസുകളിലും ആഴ്ചയിൽ 5 പ്രവൃത്തിദിനം എന്ന സമ്പ്രദായം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ;

(ബി) ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നയമെന്താണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ആയുർവ്വേദത്തിന് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം

*10 [10] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
,, കോടിയേരി ബാലകൃഷ്ണൻ:
,, സി. കെ. തങ്കപ്പൻ:
,, ടി. കെ. അബ്ദു:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദത്തിന് പ്രത്യേക ഡ്രഗ്സ് കൺട്രോൾ വിഭാഗം ഏർപ്പെടുത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്തെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) അത്തരത്തിലൊരു നിർദ്ദേശം ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly